18
തിങ്കൾ
പേജ്- 6
ഡിസംബർ

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol. 2 Issue 317

On the Battlefield for the Great Commission

688

## ഐക്യ പെന്തെക്കോസ്തു കൺവൻഷൻ:

# മുഖ്യ ഗായകനായി ഷെൽഡൻ ബംഗാര തിരുവല്ലായിൽ



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 18 തിങ്കൾ

# കൺവൻഷൻ കാലം

**ക**ൺവെൻഷനുകളുടെയും സുവിശേഷയോഗങ്ങളുടെയും പൂക്കാലമാണ് കേരളത്തിൽ. 'എവിടെ തിരിഞ്ഞൊന്നു നോക്കിയാലെന്തവിടെല്ലാം പൂത്ത മരങ്ങൾ മാത്രം' എന്ന് പണ്ട് കവി പാടിയത് പോലെ എവിടെ നോക്കിയാലും പരസ്യ യോഗങ്ങൾ, കൺവെൻഷനുകൾ ആരാധനകൾ, മുറ്റത്ത് കൺവെൻഷനുകൾ ഒക്കെ നടക്കുകയാണ്. സുവിശേഷം മറ്റുള്ളവർ അറിയണമെന്ന ആഗ്രഹത്തോടെയും കേരളത്തിൽ ഒരു വലിയ ഉണർവ് ഉണ്ടാകണമെന്ന ആഗ്രഹത്തോടെയും നടക്കുന്ന കൺവെൻഷനുകളും എന്തോ ചെയ്തുതീർക്കാനുള്ള വ്യഗ്രതയിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നവരും പേരിനും പ്രശസ്തിക്കും വേണ്ടി യോഗങ്ങൾ നടത്തുന്നവരും നേതൃത്വവുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ട് സഭാ നേതൃത്വവും ആയി ചേരാതെ പ്രത്യേകം യോഗങ്ങൾ നടത്തുന്നവരും ഒക്കെ ഈ കൂട്ടത്തിൽ വരുന്നുണ്ട്.

എന്താണ് സുവിശേഷ യോഗം, എന്താണ് ഉപവാസ പ്രാർത്ഥന എന്ന് തിരിച്ചറിയാത്ത ആളുകളും പ്രസംഗവേദികളിൽ ഉണ്ട് എന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. സുവിശേഷം പ്രസംഗിക്കാനായി വിളിച്ചു ചേർക്കപ്പെട്ട പൊതുയോഗങ്ങളിൽ പോലും ഉപവാസ പ്രാർത്ഥനയുടെ സന്ദേശങ്ങളാണ് പലപ്പോഴും കേൾക്കുന്നത്. യേശു അവിടെ ഇല്ലേയില്ല. അബ്രഹാമും ഇസഹാക്കും യാക്കോബും ഏലിയാവും പൗലോസും പത്രോസും ഒക്കെയാണ് ഇത്തരം വേദികളിൽ ഉയർത്തപ്പെടുന്നത്. ഇവരെ പ്രസംഗിക്കുന്നത് കൊണ്ട് വിശ്വാസികൾക്ക് ഒരു പക്ഷേ ആത്മീയ വളർച്ചയ്ക്ക് ആവശ്യമുള്ള ദൂതുകൾ ലഭിച്ചേക്കാം. എന്നാല് ആളുകൾക്ക് യേശുവിനെ പരിചയപ്പെടുത്തുവാൻ ഈ വേദികൾക്ക് സാധിക്കുന്നില്ല എന്നത് ഇത്തരം യോഗങ്ങളുടെ പരാജയത്തെയാണ് വിളിച്ചു കാണിക്കുന്നത്. സുവിശേഷത്തിന്റെ പ്രചാരണത്തിന് വലിയ മെഗാ ക്രൂസഡുകളെക്കാൾ ചെറിയ മുറ്റത്ത് കൺവെൻഷനുകളും പരസ്യ യോഗങ്ങളും ആണ് ഇക്കാലത്ത് കൂടുതൽ ഉപകരിക്കുക. എന്നാൽ ഇത്തരം യോഗങ്ങളിൽ ലോകത്തിൻറെ പാപത്തിന്റെ പരിഹാരത്തിനു വേണ്ടി കാൽവരി ക്രൂശിൽ ബലിയാക്കപ്പെട്ട യേശുവിൻറെ ചിത്രമാണ് ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പ്രസംഗകർക്ക് വരച്ചിടുവാൻ കഴിയേണ്ടത്. അതിന് കഴിയുന്നു എങ്കിൽ തീർച്ചയായും ദൈവനാമം മഹത്വപ്പെടും. അനേകർ യേശുവെങ്കിലേക്ക് ആകർഷിക്കപ്പെടും.

മലയാളക്കരയുടെ ആത്മീക നവോത്ഥാനത്തിന് നിദാനമാകുന്ന ധാരാളം ആത്മീയ യോഗങ്ങളാൽ വരും നാളുകൾ സമ്പന്നമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



പാസ്റ്റർ അനു കോശി

## രൂപാന്തരം വരുത്തുന്ന വചനം

**ബൈ**ബിൾ എന്നിൽ രൂപാന്തരം വരുത്തുന്നു. ഞാൻ കടന്നുപോകുന്ന സാഹചര്യം മനസിലാക്കി എന്നോട് സംസാരിക്കുന്നു. എങ്ങനെ മറ്റുള്ളവരോട് ക്ഷമിക്കണമെന്നും പഠിപ്പിക്കുന്നു. എല്ലാറ്റിനും ഉപരിയായി ആത്മികമായി ശക്തികരിക്കുന്നു



ഫേബ മിനു
ഗോഡ്സ് ഓൺ മിനിസ്ട്രി, അൽ നാഥ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ എഴുത്തു മത്സരം

വിഷയം: എന്തുകൊണ്ട് ബൈബിൾ എന്നെ ആകർഷിക്കുന്നു?

AL QTR TOURISM
Quality Tourism Resources

## ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ യൂത്ത് ക്യാമ്പ്

കോഴിക്കോട്: ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ ഒരുക്കുന്ന യൂത്ത് ക്യാമ്പ് ഡിസംബർ 26 മുതൽ 28 വരെ കോഴിക്കോട് സിറ്റിയിൽ എരഞ്ഞിപ്പാലം നവജ്യോതിസ് റിന്യൂവൽ സെന്ററിൽ നടക്കും. 'ഡിസ്കവർ ദ് പർപ്പസ്' എന്നതാണ് ക്യാമ്പ് തീം. ഡോ. സജികുമാർ കെ.പി ഡോ. ജെയിംസ് ജോർജ് സുവി. ഉമ്മൻ പി. ക്ലമെൻറ്സ് സുവി. സുനിൽ കുമാർ തുടങ്ങിയവർ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ നയിക്കും. ഇവാ. ബോബു ഡാനിയേൽ, പ്രിൻസ്. ടി,സുജാസ് റോയ് ചീരൻ,വിപിൻ കെ യു,ഫിലോസ് ജോൺതുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകും.

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

# ക്രിസ്തുമസ്സിനു മുന്നോടിയായി ഉത്തർപ്രദേശിൽ തടവിലാക്കപ്പെട്ട ആറ് ക്രൈസ്തവരെ മോചിപ്പിച്ചു



ലഖ്നൗ: ഉത്തർപ്രദേശിൽ കർശനമായ മതപരിവർത്തന വിരുദ്ധ നിയമം ലംഘിച്ചുവെന്നാരോപിച്ച് ജയിലിലടച്ച ആറ് ക്രൈസ്തവ വിശ്വാസികൾക്ക് കോടതി ജാമ്യം അനുവദിച്ചു. ക്രിസ്തുമസ് പ്രമാണിച്ചാണ് നവംബർ 29 ന് അറസ്റ്റിലായ ക്രൈസ്തവർക്ക് സോൻഭദ്ര ജില്ലയിലെ കോടതി ജാമ്യം അനുവദിച്ചിരിക്കുന്നത്. മരുന്നുകൾ നൽകുന്നതുൾപ്പെടെയുള്ള വശീകരണത്തിലൂടെ ആളുകളെ മതപരിവർത്തനം ചെയ്യാൻ ശ്രമിച്ചുവെന്ന് ഹിന്ദു സംഘടനയുടെ നേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 42 പേരേയാണ് അറസ്റ്റ് ചെയ്തിരുന്നത്. കൂടാതെ ഇവരുടെ പക്കൽ നിന്നും ബൈബിളിന്റെയും ട്രാക്റ്റുകളുടേയും പകർപ്പുകളും പിടിച്ചെടുത്തതായി പോലീസ് പറഞ്ഞു. അത്ഭുതകരമായ രോഗശാന്തി ഉൾപ്പെടെയുള്ള വ്യാജ വാഗ്ദാനങ്ങൾ നൽകി ജില്ലയിലെ ആദിവാസി ആധിപത്യ പ്രദേശത്തെ നിരവധി ആളുകളെ മതംമാറ്റിയതായി ആരോപിച്ച് ആറ് ക്രൈസ്തവരുടെ ജാമ്യാപേക്ഷയെ സർക്കാർ അഭിഭാഷകൻ എതിർത്തിരുന്നു. എന്നാൽ ക്രൈസ്തവ സംഘടനകൾ ആരോപണം നിഷേധിച്ചു തങ്ങൾക്കെതിരെ ചുമത്തിയ ക്രിമിനൽ കുറ്റങ്ങൾ അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞു കൂടാതെ ക്രിസ്തുമസ് പോലൊരു ആഘോഷം വരുമ്പോൾ ക്രൈസ്തവ വിശ്വാസികളായ ഇവർക്ക് അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ വിഷമകരമായ അവസ്ഥയാണെന്നും കൂട്ടിച്ചേർത്തു. പിന്നാലെ കോടതി അവർക്ക് ജാമ്യം അനുവദിക്കുകയായിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി അറസ്റ്റിലായവർമോചിതരായി.

ക്രൈസതവരെ പീഡിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള മതപരിവർത്തന വിരുദ്ധ നിയമപ്രകാരം തെറ്റായ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് വലതുപക്ഷ ഹിന്ദു ഗ്രൂപ്പുകളുമായി പോലീസ് പലപ്പോഴും സഹകരിക്കാറുണ്ടെന്ന് ക്രിസ്ത്യൻ നേതാക്കൾ പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും ജനസംഖ്യയുള്ള സംസ്ഥാനമായ ഉത്തർപ്രദേശ് ഇന്ത്യയിലെ ക്രിസ്ത്യൻ പീഡനത്തിന്റെ പ്രദേശമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഉത്തർപ്രദേശിലെ 200 ദശലക്ഷത്തിലധികം ജനസംഖ്യയുടെ 0.18 ശതമാനം മാത്രമാണ് ക്രൈസ്തവർ.

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

## ഐക്യ പെന്തെക്കോസ്തു കൺവൻഷൻ:

# മുഖ്യ ഗായകനായി ഷെൽഡൻ ബംഗാര തിരുവല്ലായിൽ

തിരുവല്ല: യുണൈറ്റഡ് പെന്തെക്കോസ്ത് ഫൗണ്ടേഷൻെറ ആഭിമുഖ്യത്തിൽ ജനുവരി 7മുതൽ14 വരെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുന്ന ഉണർവ് 24 ഐക്യ പെന്തെക്കോസ്തു കൺവൻഷനിലെ മുഖ്യ ഗായകനായി ഷെൽഡൻ ബംഗാരയും ടീമും എത്തുന്നു.

പാസ്റ്റർമാരായ കെ.സി. ജോൺ, ജേക്കബ് ജോൺ, ആർ. എബ്രഹാം, പോൾ തങ്കയ്യ ബാംഗ്ലൂർ, സി.സി. തോമസ്, വി.ടി. എബ്രഹാം, ഒ.എം. രാജുകുട്ടി, സാം ജോർജ്, ജേക്കബ് ജോർജ് യു.കെ., മാത്യു വർഗീസ് യു.എസ്.എ., എൻ. പീറ്റർ പാറശാല, രവി മണി, എൻ.പി. കൊച്ചുമോൻ, നൂർദ്ദീൻ മുള്ള, തമ്പി മർക്കോസ്, റെജി ശാസ്താംകോട്ട, ടിനു ജോർജ്, സുരേഷ് ബാബു, അനി ജോർജ്, വി.ടി. റെജിമോൻ കാനഡ, ശേഖർ കല്യാൺപൂർ, പാസ്റ്റർ ടോമി ജോസഫ് യു.എസ്., എബ്രഹാം ജോസഫ്, സി.പി. മാത്യു, എൻ.സി. ജോസഫ്, എം.ഡി. രാജൻ, മോഹൻ പി. ഡേവിഡ്, ടി.വി. പോത്തൻ, റോയി ഡാനിയേൽ മാത്യു, ബിബിൻ മാത്യു, അലക്സാണ്ടർ പി. ഡാനിയേൽ, മാത്യു ടി.സി, ജസ്റ്റിൻ മോസസ്, കോശി വൈദ്യൻ, കെ.എസ്. ജോസഫ് തുടങ്ങിയവരാണ് പ്രസംഗകർ.



കൺവൻഷനു തുടക്കം കുറിക്കുന്ന ഞായറാഴ്ച വൈകുന്നേരം 4.30 5.30 വരെയാണ് പ്രശസ്ത ഗായകൻ ഷെൽഡൻ ബംഗാരയും ടീമും പങ്കെടുക്കുന്ന മ്യൂസിക് ഫെസ്റ്റ്.തുടർന്നുള്ള ദിവസങ്ങളിൽ ലോകപ്രശസ്ത ഗായകരായ സണ്ണി വിശ്വാസ് കൊൽക്കൊത്ത, രഞ്ജിത്ത് എബ്രഹാം ഡെൽഹി, കെ. ബി. ഇമ്മാനുവൽ, ലോഡ്സൺ ആൻറണി, ഷാരോൺ വർഗീസ് എന്നിവർ തങ്ങളുടെ ബാന്റിനോടൊപ്പം ഗാനങ്ങൾ ആലപിക്കുന്നുണ്ട്. ഇവരോടൊപ്പം 101 അംഗ ഗായകസംഘം കേരളത്തിലെ പ്രശസ്ത ക്രിസ്തീയ കലാകാരന്മാരോടൊപ്പം ഗാനങ്ങൾ ആലപിക്കുന്നു.

കേരളത്തിലെ പെന്തെക്കോസ്തു സഭകൾ സംയുക്തമായി നേതൃത്വം നൽകുന്ന ഈ മഹാസമ്മേളനത്തിൽ അഭിഷിക്തരും ലോകപ്രശസ്തരുമായ സുവിശേഷ പ്രഭാഷകരും ഗായകരുമാണ് ശുശ്രൂഷിക്കുന്നത്. മലയാള മണ്ണിൽ പെന്തെക്കോസ്തു പിന്നിട്ട നൂറിന്റെ നിറവിനെ ഓർത്ത് ദൈവത്തിന് നന്ദി പറയുവാനും സ്തോത്രം അർപ്പിക്കുവാനുമായി കേരളത്തിലെ പെന്തെക്കോസ്തു സമൂഹം സഭയുടെ അതിർവരമ്പുകൾക്കപ്പുറം മേലധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ഒത്തുകൂടുകയാണ്.

എല്ലാ ദിവസവും രാവിലെ 5 മണി മുതൽ 6.30 വരെ പാസ്റ്റർ ജേക്കബ് ജോണിൻറെ നേതൃത്വത്തിൽ പഞ്ചാബിൽ നിന്ന് എത്തിയ സുവിശേഷസംഘം പ്രഭാത പ്രാർഥനകൾക്ക് നേതൃത്വം നൽകും. ഹിന്ദി സർവീസ് എല്ലാദിവസവും രാവിലെ 8 9 വരെയും തുടർന്ന് ഫയർ കോൺഫറൻസും രോഗശാന്തി അഭിഷക്ത ശുശ്രൂഷകളും നടക്കും. ഒപ്പം മിഷനറി കോൺഫറൻസുകൾ, പാസ്റ്റേഴ്സ് മീറ്റിംഗ്, യൂത്ത് ആൻഡ് റിവൈവൽ മീറ്റിംഗ്, ലേഡീസ് കോൺഫ്രൻസ് എന്നിവ നടക്കും. പാസ്റ്റർമാരായ ജസ്റ്റിൻ ഡാനിയേൽ, എബി പി. മാത്യു, എബി പീറ്റർ, സാം പീറ്റർ, സിസ്റ്റേഴ്സ് രേഷ്മ ഷിബു തോമസ്, സാലി ജെയിംസ്, ഡോ. ജോളി ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും.

ശനിയാഴ്ച നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, സാംസ്കാരിക സമ്മേളനത്തിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, സാംസ്കാരിക നായകർ, രാഷ്ട്രീയ പ്രവർത്തകർ, സംഘടന നേതാക്കൾ തുടങ്ങിയവർ സംസാരിക്കും.

ആയിരം രൂപ നൽകി രജിസ്റ്റർ ചെയ്യുന്നവർക്ക് ഒരാഴ്ചത്തേക്കുള്ള താമസവും ഭക്ഷണവും ക്രമീകരിക്കും. എല്ലാ സ്ഥലങ്ങളിലേക്കും വാഹന സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. നൂറു പേർ അടങ്ങുന്ന കമ്മിറ്റി പാസ്റ്റർ ജേക്കബ് ജോൺ, ജോ. കോർഡിനേറ്റർ പാസ്റ്റർ തോമസ് കുര്യൻ യുഎസ്എ, ജനറൽ കൺവീനർ ഗ്ലാഡ്സൺ ജേക്കബ്, ഫിനാൻസ് കൺവീനർ സജി പോൾ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്കൺവൻഷനോട് അനുബന്ധിച്ച് അമ്പത് പേർക്ക് വിവാഹസഹായം, ശുശ്രൂഷയിൽ അരനൂറ്റാണ്ട് . പിന്നിട്ടവരെ ആദരിക്കൽ, കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് കിറ്റുകളുടെ വിതരണം, കാലിന് അംഗഭംഗം സംഭവിച്ചവർക്ക് കൃത്രിമ കാൽ വിതരണം എന്നിവ നടക്കും.

കേരളത്തിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവും പ്രാർഥനയും പ്രവർത്തനവും കൊണ്ട് ഈ സമ്മേളനം ഒരു മഹാവിജയമായി തീരുമെന്ന് ഭാരവാഹികൾ ക്രിസ്ത്യൻ ലൈവിനോട് പറഞ്ഞു.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### ഉഗാണ്ട



തലസ്ഥാനം:
കംപാല
ഭാഷ:
സ്വാഹിലി, ഇംഗ്ലീഷ് .
ജനസംഖ്യ:
55,100,586
പ്രസിഡണ്ട്:
യുവേരി മുസേവാനി
മതം :
ക്രിസ്ത്യൻ

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- ഉഗാണ്ടയിലെ ജനം ഭക്ഷണത്തിനായും വിദ്യാഭ്യാസത്തിനായും ഏറെ ബുദ്ധിമുട്ടുന്നുണ്ട്. സ്ഥിതി മാറേണ്ടതിനായി നിങ്ങൾ പ്രാർത്ഥിക്കുമോ?
- ഉഗാണ്ടയിലെ സഭകൾക്കായും ദൈവദാസന്മാർക്കായും പ്രാർത്ഥിക്കണേ! രാജ്യത്ത് ദൈവശബ്ദം മുഴങ്ങട്ടെ!
- സുസ്ഥിരമായ കുടുംബബന്ധങ്ങൾ ഉണ്ടാകാനായി പ്രാർത്ഥിക്കാം. ലൈംഗിക അരാജകത്വമാണ് രാജ്യത്തെ മറ്റൊരു പ്രതിസന്ധി.

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

Contact us: +91 98465 52220,
+91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

# സൺഡേ സ്കൂൾ കുമ്പനാട് മേഖല എഫ്ജിബിഎസ് പ്രൊജക്ട് ആരംഭിച്ചു

കുമ്പനാട് :ഐപിസി സൺഡേ സ്കൂൾ അസ്സോസിയേഷൻ സംസ്ഥാന സമിതി ആവിഷ്കരിച്ച ചിത്രങ്ങളിലൂടെ ബൈബിൾ കഥകൾ അഥവാ ഫ്ലാനൽ ഗ്രാഫിക് ബൈബിൾ സ്റ്റോറി പ്രൊജക്ട് ഇന്നലെ ഉച്ചയ്ക്ക് ഐപിസി പെനിയേൽ ചെങ്ങരൂർ ചർച്ചിൽ കുമ്പനാട് മേഖലാ പ്രസിഡന്റ് ബ്രദർ ജോജി ഐപ്പ് മാത്യൂസിന്റെ അധ്യക്ഷതയിൽ സംസ്ഥാന അസ്സോസിയേറ്റ് സെക്രട്ടറി പാസ്റ്റർ റ്റി. എ. തോമസ് വടക്കഞ്ചേരി ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ ഇടയിൽ വർധിച്ചു വരുന്ന സാമുഹിക തിന്മകളെ എങ്ങനെ അകറ്റാം എന്നുള്ള സന്ദേശം കൂടി വന്നവർക്ക്



പ്രചോദനമേകി.മേഖലാ സെക്രട്ടറി ബ്രദർ പി. പി ജോൺ ആശംസകൾ അറിയിച്ചു.തുടർന്ന് കുമ്പനാട് മേഖലാ ഇൻസ്ട്രക്ടർമാരായ ബ്രദർ പ്രിൻസ് മാത്യൂസ് ,സിസ്റ്റർ ഷാജിമോൾ ,സിസ്റ്റർ ഷിനുഷാജി എന്നിവർ കുഞ്ഞുങ്ങളെ പാട്ടുകളും ബൈബിൾ കഥകളും പഠിപ്പിച്ചു.വർധിച്ചു വരുന്ന സാമുഹിക തിന്മകൾക്കെതിരെയുള്ള ബോധവൽകരണം ലക്ഷ്യം വച്ചുള്ള പദ്ധതിയാണ് സംസ്ഥാന സമിതി നടപ്പിൽ വരുത്തിയിരിക്കുന്നത് .

# ഫലസ്തീനിലെ ക്രിസ്ത്യൻ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളെ അപലപിച്ച് ലാറ്റിൽ പാത്രിയാർക്കേറ്റ് ഓഫ് ജെറുസലേം

ജെറുസലേം: ലോകം മുഴുവൻ ക്രിസ്മസിന് തയ്യാറെടുക്കുമ്പോൾ എങ്ങനെയാണ് ഇത്തരത്തിലുള്ള ആക്രമണങ്ങൾ നടത്താൻ സാധിക്കുന്നതെന്ന് ലാറ്റിൽ പാത്രിയാർക്കേറ്റ് ഓഫ് ജറുസലേം. കഴിഞ്ഞ ദിവസം ഗസയിലെ ക്രൈസ്തവ ദേവാലയത്തിൽ അഭയം പ്രാപിച്ച അമ്മയെയും മകളെയും യിസ്രായേൽ സൈന്യം വെടിവെച്ചുകൊന്നതിനെ അപലപിച്ചുകൊണ്ട് പുറത്തിറക്കിയ പ്രസ്താവനയിലാണ് പാത്രിയാർക്കേറ്റിന്റെ പ്രതികരണം ശനിയാഴ്ചയാണ് ഗസയിലെ ഹോളിഫാമിലി പാരിഷ് കോമ്പൗണ്ടിനുള്ളിൽ വെച്ച് യിസ്രായേൽ സൈന്യം രണ്ട് സ്ത്രീകളെ വെടിവെച്ചു കൊന്നത്. അഭയം തേടിയ അമ്മയും മകളുമായ നഹിദ, മകൾ സാറ എന്നിവർ കോൺവെന്റിലേക്ക് നടക്കുമ്പോഴാണ് സൈന്യം വെടിയുതിർത്തതെന്ന് ബിഷപ്പിന്റെ ഓഫീസ് അറിയിച്ചിരുന്നു. പള്ളി കോമ്പൗണ്ടിൽ മറ്റുള്ളവരെ സംരക്ഷിക്കാൻ ശ്രമിച്ച മറ്റു ഏഴ് പേർക്കും വെടിയേൽക്കുകയും പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നും വിവരങ്ങളുണ്ട്. ശനിയാഴ്ച രാവിലെ 54 ഭിന്നശേഷിക്കാർ താമസിക്കുന്ന കേന്ദ്രത്തിനെതിരെ യിസ്രായേൽ സൈന്യം നടത്തിയ ആക്രമണത്തെയും ലാറ്റിൻ പാത്രിയാർക്കേറ്റ് ഓഫ് ജെറുസലേം അപലപിച്ചു. സിസ്റ്റേഴ്സ് ഓഫ് മദർ തെരേസ കോൺവന്റിലെ ഭിന്ന ശേഷിക്കാർ താമസിക്കുന്ന കേന്ദ്രത്തിന് നേരെയാണ് കഴിഞ്ഞ ദിവസം യിസ്രായേലിന്റെ ആക്രമണങ്ങളുണ്ടായത്. ഈ കേന്ദ്രം താമസയോഗ്യമല്ലാതാകുകയും ഇലക്ട്രിക് ഉപകരണങ്ങൾ നശിക്കുയും ചെയ്തു. വൈദ്യുതി മുടങ്ങിയതോടെ ഈ കേന്ദ്രത്തിലെ അന്തേവാസികളിൽ ചിലരുടെ ശ്വസന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാകാതെ പ്രതിസന്ധിയിലാകുകയും ചെയ്തിട്ടുണ്ട്. ശ്വാസമെടുക്കാൻ കഴിയാത്ത ഇവരിൽ ചിലർ ഗുരുതരാവസ്ഥയിലുമാണ് . ലോകത്തിലെ മുഴുവൻ സഭകളും ക്രിസ്മസിന് തയ്യാറെടുക്കുമ്പോൾ എങ്ങിനെയാണ് ഇത്തരത്തിലുള്ള ആക്രമണങ്ങൾ നടത്താൻ സാധിക്കുന്നത് എന്നും ലാറ്റിൻ പാത്രിയാർക്കേറ്റ് ഓഫ് ജെറുസലേം ചോദിക്കുന്നു.





Latin Patriarchate of Jerusalem
Communication Office

16/12/2023

Around noon today, December 2023 ,16 a sniper of the IDF murdered two Christian women inside the Holy Family Parish in Gaza, where the majority of Christian families has taken refuge since the start of the war. Nahida and her daughter Samar were shot and killed as they walked to the Sister's Convent. One was killed as she tried to carry the other to safety. Seven more people were shot and wounded as they tried to protect others inside the church compound. No warning was given, no notification was provided. They were shot in cold blood inside the premises of the Parish, where there are no belligerents.

Earlier in the morning, a rocket fired from an IDF tank targeted the Convent of the Sisters of Mother Theresa (Missionaries of Charity). The Convent is home to over 54 disabled persons and is part of the church compound, which was signaled as a place of worship since the beginning of the war. The building's generator (the only source of electricity) and the fuel resources were destroyed. The house was damaged by the resulting explosion and massive fire. Two more rockets, fired by an IDF tank, targeted the same Convent and rendered the home uninhabitable. The 54 disabled persons are currently displaced and without access to the respirators that some of them need to survive.

In addition, as a result of the heavy bombing in the area, three people were wounded inside the church compound last night. Furthermore, solar panels and water tanks, which are indispensable for the survival of the community, were destroyed.

Together in prayer with the whole Christian community, we express our

# 500ലധികം ദിവസങ്ങൾ നൈജീരിയൻ ജയിലിൽ കഴിഞ്ഞ ക്രൈസ്തവ യുവതിക്ക് ജാമ്യം



നൈജീരിയ:19 മാസമായി തടവിലാക്കപ്പെട്ട അഞ്ച് മക്കളുടെ അമ്മയായ ക്രൈസ്തവ യുവതിക്ക് ജാമ്യം. ക്രിസ്ത്യൻ കോളേജ് വിദ്യാർത്ഥിനി ഡെബോറ ഇമ്മാനുവൽ യാക്കൂബിനെ 'മതനിന്ദ' കുറ്റം ചുമത്തി കൊലപ്പെടുത്തിയ വിഷയത്തെ അപലപിക്കുന്ന ഒരു വീഡിയോ പങ്കിട്ടതിനാണ് റോഡാ ജതൗ എന്ന യുവതിയെ അറസ്റ്റ് ചെയ്ത് അഞ്ച് വർഷത്തെ തടവ് ശിക്ഷയ്ക്ക് വിധിച്ചത്. 2022ൽ വടക്കുപടിഞ്ഞാറൻ സൊകോട്ടോ സംസ്ഥാനത്തെ ഒരു സർവകലാശാലയിലെ വിദ്യാർത്ഥിയായിരുന്ന ദബോര പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുകയും വിജയിക്കാൻ സഹായിച്ചതിന് യേശുവിന് നന്ദി പറഞ്ഞുകൊണ്ട് സോഷ്യൽ മീഡിയയിൽ ഒരു സന്ദേശം പോസ്റ്റ് ചെയ്യുകയും, പിന്നീട് ഇസ്ലാം മതത്തെ അപമാനിച്ചു എന്ന് പേരിൽ സഹപാഠികൾ ദബോരയെ തീകൊളുത്തി കൊലപ്പെടുത്തുകയായിരുന്നു. ഈ വിഷയത്തിൽ ഖേദം രേഖപ്പെടുത്തി സോഷ്യൽ മീഡിയയിൽ പോസ്റ്റിട്ടതിനാണ് റോഡാ ജതൗയെ അറസ്റ്റ് ചെയ്ത് 2022 മെയ് മാസത്തിൽ ജയിലിലേക്ക് അയച്ചത്.

നേരത്തെ പലതവണ ജാമ്യം നിഷേധിക്കപ്പെട്ടിരുന്നുവെങ്കിലും ജടൗവിനെ തടവിലാക്കിയതിനെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രതിഷേധത്തെത്തുടർന്ന് ബൗച്ചി സംസ്ഥാനത്തെ ഒരു ജഡ്ജി അടുത്തിടെ ജാമ്യം അനുവദിക്കുകയായിരുന്നു.

## കൗമാരക്കാർ 'സോഷ്യൽ മീഡിയ' ഉപയോഗിക്കേണ്ട

# നിരോധിക്കാനൊരുങ്ങി റിഷി സുനക് സർക്കാർ

**ഇൻസ്റ്റഗ്രാം അടക്കമുള്ള സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം കുട്ടികളെ വിഷാദ രോഗങ്ങളിലേക്കും ആത്മഹത്യയിലേക്കും നയിച്ച സംഭവങ്ങൾ പതിവാകുന്ന സാഹചര്യമാണ് ഇപ്പോൾ ലോകമെമ്പാടും**



ലണ്ടൻ :16 വയസ്സിന് താഴെയുള്ള കുട്ടികൾ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നത് നിരോധിക്കുന്ന കാര്യം പ്രധാനമന്ത്രി റിഷി സുനകിന്റെ നേതൃത്വത്തിലുള്ള യു.കെ സർക്കാർ പരിഗണിച്ചേക്കും.

കൗമാരക്കാർ ഓൺലൈൻ അപകടങ്ങളിൽ നിന്ന് കൗമാരക്കാരെ സംരക്ഷിക്കുന്നതിനായാണ് ഇത്തരമൊരു നീക്കമെന്നും റിപ്പോർട്ടിൽ പറയുന്നു. കൗമാരക്കാരിലുള്ള സോഷ്യൽ മീഡിയയുടെ സ്വാധീനത്തെക്കുറിച്ച് പഠിക്കുന്ന ഒരു ബ്രിട്ടീഷ് സ്ഥാപനത്തിലെ സ്രോതസ്സുകളെ അടിസ്ഥാനമാക്കി ബ്ലൂംബെർഗാണ് ഇത് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. സോഷ്യൽ മീഡിയയിലൂടെ കുട്ടികളിലേക്ക് അപകടകരമായ ഉള്ളടക്കങ്ങൾ എത്തുന്നത് തടയുന്നതിനും അത്തരം സംഭവങ്ങളിൽ കമ്പനിയുടെ ആഗോള വരുമാനത്തിന്റെ 10 ശതമാനം പിഴയീടാക്കാനും ഉൾപ്പടെ നിഷ്കർഷിക്കുന്ന ഓൺലൈൻ സേഫ്റ്റി ആക്റ്റ് നിലവിലുണ്ട്. ഇതിന് പുറമെ അധിക നടപടികൾ സ്വീകരിക്കാനാണ് ഋഷി സുനകിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം ഉദ്ദേശിക്കുന്നത്. യു.കെ ഗവൺമെന്റിലെ സെക്രട്ടറിമാർ ഈ വിഷയത്തിൽ സമഗ്രമായ ചർച്ചകൾ ആരംഭിക്കാൻ പോവുകയാണെന്നും, തെളിവുകൾ ലഭിക്കുന്നതിന് അനുസരിച്ച് അടുത്ത വർഷം ജനുവരിയോടെ, പ്രധാനപ്പെട്ട എന്തെങ്കിലും തീരുമാനം ഇതുമായി ബന്ധപ്പെട്ട് വന്നേക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു.

സോഷ്യൽ മീഡിയ യുകെയിലെ കുട്ടികളിൽ തെറ്റായ സ്വാധീനം ചെലുത്തുന്നുണ്ടോ എന്നതിന്റെ തെളിവുകളാണ് ശേഖരിക്കേണ്ടതെന്നും അടുത്ത വൃത്തങ്ങൾ ബ്ലൂംബെർഗിനോട് പറഞ്ഞു. ഇൻസ്റ്റഗ്രാം അടക്കമുള്ള സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം കുട്ടികളെ വിഷാദ രോഗങ്ങളിലേക്കും ആത്മഹത്യയിലേക്കും നയിച്ച സംഭവങ്ങൾ പതിവാകുന്ന സാഹചര്യമാണ് ഇപ്പോൾ ലോകമെമ്പാടും. പ്രായപൂർത്തിയാകാത്ത കുട്ടികളെ വലയിലാക്കാൻ കുറ്റവാളികളെ ഏറ്റവും കൂടുതൽ സഹായിക്കുന്നതും സോഷ്യൽ മീഡിയയാണ്.

## നെടുങ്കണ്ടത്ത് കാൽവഴുതി കൈത്തോട്ടിൽ വീണ് പാസ്റ്ററുടെ മകൾ മരിച്ചു

നെടുങ്കണ്ടം: നെടുങ്കണ്ടം ചക്കക്കാനത്ത് തോട്ടിൽ വീണ് യുവതിക്ക് ദാരുണാന്ത്യം. ആശ ഷെറിനാണ് മരണപ്പെട്ടത് . ഐപിസി തേക്കടി സെന്ററിന്റെ കീഴിലുള്ള നെടുങ്കണ്ടം സഭാശുശ്രൂഷകൻ പാസ്റ്റർ പീറ്റർ ജോർജിന്റെ മകൻ ഷെറിന്റെ ഭാര്യയാണ് മരണപ്പെട്ട ആശ. നെടുംകണ്ടം ചക്കകാനം ഭാഗത്തു കാറിൽ നിന്നും ഇറങ്ങിയ യുവതി കൈവരിയില്ലാത്ത പാലത്തിൽ നിന്നും തോട്ടിലേക്കു വീഴുകയായിരുന്നു. ഷെറിനും ആശയും തങ്ങളുടെ സഭയിൽ വരുന്ന ചക്കക്കാനം സ്വദേശികളായ കുടുംബത്തിന്റെ വീട്ടിൽ എത്തിയതായിരുന്നു. ഫയർഫോഴ്സിന്റെയും പോലീസിന്റെയും നാട്ടുകാരുടെയും തിരച്ചിലിനൊടുവിൽ ബോഡി കണ്ടെത്തുകയായിരുന്നു. അണക്കര മോൺഫോർട് സ്കൂളിന് സമീപമുള്ള പാസ്റ്റർ അനീഷിന്റെ ഇളയ മകളാണ് മരണപെട്ട ആശ.




GILGAL
CHURCH OF GOD
SHARJAH, UAE
SPIRITUAL
EMPOWERING
SESSION &
CONVENTION
28 2023 DEC
THURSDAY
10:30 AM & 7:30 PM
SHARJAH
WORSHIP CENTER
10:30 AM
SPIRITUAL
EMPOWERING
SESSION
07:30 PM
CONVENTION
INAUGURATION
Rev. Dr. K. O. MATHEW
National Overseer
Chief Guest
Rev. Dr. M. A. VARGHESE
Senior Pastor, BAGC Banglore

CNL7 MEDIA
Vol. 2 Issue 317
# CHRISTIANLIVE DAILY
18 Monday
Pages 6
688

